**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 824

30.11.2018 ലെ മറുപടിയ്ക്ക്.

## പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥി ഹോസ്റ്റലുകൾ

| **ചോദ്യം**<br>**ശ്രീ. എം. ഉമ്മർ**<br>**ശ്രീ. പി.കെ.ബഷീർ**<br>**ശ്രീ. അബ്ദുൽ ഹമീദ് പി.**<br>**ശ്രീ. പാറക്കൽ അബ്ദുള്ള** | | **ഉത്തരം**<br>**എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റലുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | ഹോസ്റ്റലുകൾ പരിസരമുൾപ്പെടെ വൃത്തിഹീനമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | ഇവിടെ വിതരണം ചെയ്യുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം പരിശോധിക്കാറുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | പട്ടികജാതി വികസന വകുപ്പിലെ SCDO മുതൽ ഡയറക്ടർവരെയുള്ള ഉദ്യോഗസ്ഥരും ബ്ലോക്ക് പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ ജനപ്രതിനിധികളും ഹോസ്റ്റലുകൾ പരിശോധിക്കുകയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു നടപടികൾ സ്വീകരിക്കുന്നുമുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന സംസ്ഥാനത്തെ വിവിധ ഹോസ്റ്റലുകളിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടില്ല.<br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ജില്ലാതലത്തിൽ പ്രോജക്ട് ഓഫീസർ, ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർമാർ തങ്ങളുടെ അധികാരപരിധിയിൽ സ്ഥിതിചെയ്യുന്ന ഹോസ്റ്റലുകളുടെ പ്രവർത്തനം നിശ്ചിത ഇടവേളകളിൽ അന്വേഷണം നടത്തുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റ് ഓഫീസിലെ നിയന്ത്രണോദ്യോഗസ്ഥരും ഹോസ്റ്റലുകൾ സന്ദർശിച്ച് അവയുടെ പ്രവർത്തനം വിലയിരുത്തി വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ